പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2652 — 17.06.2019 ൽ മറുപടിയ്ക്ക്

## ആനത്താരകളുടെ നിർമ്മാണം

| ചോദ്യം<br>ശ്രീ. പാറക്കൽ അബ്ദുല്ല | | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | വനമേഖലയെ കൂട്ടിയിണക്കി സ്വതന്ത്രമായ ആന സഞ്ചാരം സാധ്യമാക്കുന്നതിനായി ആനത്താരകളുടെ നിർമ്മാണം പരിഗണനയിലുണ്ടോ; | (എ) ഉണ്ട്. |
| (ബി) | എങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ; | (ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>കൊട്ടിയൂർ-പേരിയ, ബ്രേഹ്മർ-ബ്രഹ്മഗിരി, നിലമ്പൂർ-അപ്പൻകാപ്പ്, പേരിയ-പക്രന്തളം, തിരുനെല്ലി-കുദ്രക്കോട്, നിലമ്പൂർ കോവിലകം-ന്യൂ അമരമ്പലം, മുതുമലൈ-നിലമ്പൂർ വഴി ഒ വാലി എന്നിവയാണ് 7 ആനത്താരകൾ. ഇതിൽ തിരുനെല്ലി-കുദ്രക്കോട് ആനത്താരയ്ക്ക് വേണ്ടിയുള്ള 18 ഏക്കർ സ്ഥലം ഏറ്റെടുക്കുകയും റിസർവ്വ് വനമായി വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൊട്ടിയൂർ-പേരിയ, ബ്രേഹ്മർ-ബ്രഹ്മഗിരി, നിലമ്പൂർ-അപ്പൻകാപ്പ്, പേരിയ-പക്രന്തളം എന്നീ നാല് ആനത്താരകളിൽ ആനകളുടെ സ്വതന്ത്രമായ സഞ്ചാരപഥത്തിനായി 350.8937 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതായി വരും. നിലമ്പൂർ കോവിലകം-ന്യൂ അമരമ്പലം, മുതുമലൈ-നിലമ്പൂർ വഴി ഒ വാലി എന്നീ ആനത്താരകൾക്ക് സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടില്ല. |

| | | |
|---|---|---|
| (സി) | ഇതിനായി എത്ര ഹെക്ടർ ഭൂമി കണ്ടെത്തേണ്ടി വരുമെന്നും എത്ര കുടുംബങ്ങളെ മാറ്റിപാർപ്പിക്കേണ്ടി വരുമെന്നും പദ്ധതിയുടെ പ്രതീക്ഷിത ചെലവ് എത്രയാണെന്നും വ്യക്തമാക്കുമോ; | (സി) കൊട്ടിയൂർ-പേരിയ, ബേഗൂർ-ബ്രഹ്മഗിരി, നിലമ്പൂർ-അപ്പൻകാപ്പ്, പേരിയ-പക്രന്തളം എന്നീ നാല് ആനത്താരകളിൽ ആനകളുടെ സ്വതന്ത്രമായ സഞ്ചാരപഥത്തിനായി 350.8937 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതായി വരും. നിലമ്പൂർ കോവിലകം-ന്യൂ അമരമ്പലം, മുതുമലൈ-നിലമ്പൂർ വഴി ഒ വാലി എന്നീ ആനത്താരകൾക്ക് സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടില്ല. എത്ര കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടി വരും എന്നത് സംബന്ധിച്ച കണക്കെടുപ്പ് നടത്തിയിട്ടില്ല. പ്രസ്തുത പദ്ധതിയുടെ പ്രതീക്ഷിത ചെലവ് ഏകദേശം 10631.32 ലക്ഷം രൂപയാണ്. |
| (ഡി) | പദ്ധതി നടപ്പാക്കുന്നതിലൂടെ ലക്ഷ്യം വയ്ക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ഡി) പദ്ധതി നടപ്പാക്കുന്നതിലൂടെ ആനകളുടേയും മറ്റ് വന്യജീവികളുടെയും സ്വതന്ത്ര സഞ്ചാരം ഉറപ്പ് വരുത്തുന്നതിനും ജനവാസ മേഖലകളിൽ വന്യജീവി ആക്രമണം കുറയ്ക്കുന്നതിനും സാധിക്കും |

സെക്ഷൻ ഓഫീസർ